©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ഞായർ
Thiruvananthapuram,
Sunday

2026 മാർച്ച് 15
15th March 2026
1201 മീനം 1
1st Meenam 1201
1947 ഫാൽഗുനം 24
24th Phalguna 1947

നമ്പർ
No.
1221

കേരള സർക്കാർ

നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 10/2026/നിയമം. *തിരുവനന്തപുരം, 2026 മേയ് 15*
1201 മീനം 1
1947 ഫാൽഗുനം 24.

എസ്. ആർ. ഒ. നമ്പർ 425/2026

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 25-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2004 ജൂൺ 17-ാം തീയതിയിലെ ജി.ഒ. (എം.എസ്.) 83/2004/നിയമം നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2004 ജൂൺ 17-ാം തീയതിയിലെ 1274-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 621/2004 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധപ്പെടുത്തിയതുമായ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ,—

(1) 3-ാം ചട്ടത്തിൽ, "ഒരു അഡ്വക്കേറ്റ് ക്ലാർക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും" എന്നീ വാക്കുകൾക്ക് പകരം "ഒരു അഡ്വക്കേറ്റ് ക്ലാർക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതും അപേക്ഷാ തീയതിയിൽ അൻപത് വയസ്സ് പൂർത്തിയാകാത്തതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 6-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടത്തിൽ, "(1)" എന്ന ബ്രാക്കറ്റിനും, അക്കത്തിനും പകരം "(2)" എന്ന ബ്രാക്കറ്റും അക്കവും ചേർക്കേണ്ടതാണ്.

(3) 10-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ, "അംഗീകാരം ലഭിച്ചിട്ടുള്ളതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും", എന്നീ വാക്കുകൾക്ക് പകരം "അംഗീകാരം ലഭിച്ചിട്ടുള്ളതും അപേക്ഷാ തീയതിയിൽ അൻപത് വയസ്സ് പൂർത്തിയാകാത്തതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(4) 11-ാം ചട്ടത്തിൽ,—

(i) 11-ാം ചട്ടത്തിലെ ശീർഷകത്തിനും (1)-ാം ഉപചട്ടത്തിനും പകരം താഴെ പറയുന്ന ശീർഷകവും ഉപചട്ടവും ചേർക്കേണ്ടതാണ്, അതായത്:—

"തൊഴിൽ അവസാനിപ്പിക്കുമ്പോൾ ഫണ്ടിൽ നിന്നും സഞ്ചിത തുക കൊടുക്കൽ.—(1) ഫണ്ടിലെ ഒരംഗത്തിന്, തൊഴിൽ അവസാനിപ്പിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആയി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അടിസ്ഥാനപ്പെടുത്തി, പട്ടിക-1 ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കുകളിൽ, ഒരു സഞ്ചിത തുക ഫണ്ടിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.";

(ii) (2)-ാം ഉപചട്ടത്തിൽ, "പട്ടികയിൽ" എന്ന വാക്കിന് പകരം "പട്ടിക 1-ൽ" എന്ന വാക്കും, അക്കവും, ചേർക്കേണ്ടതാണ്.

(5) 11 എ ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും ആയ" എന്നീ വാക്കുകൾക്ക് പകരം "കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വം പൂർത്തിയാക്കിയിട്ടുള്ളതുമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപചട്ടത്തിനു പകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(2) തൊഴിൽ അവസാനിക്കുമ്പോൾ അറുപത് വയസ്സും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വവും പൂർത്തിയാക്കിയിട്ടുള്ള അംഗങ്ങൾക്ക് പട്ടിക 2-ൽ പറയുന്ന നിരക്കുകളിൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(iii) (2)-ാം ഉപചട്ടത്തിനുശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(2എ) 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2026-ലെ 4) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പ്രധാന ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് ഉപചട്ടം (2)-ലെ നിബന്ധന ബാധകമല്ലാത്തതും അവർക്ക് പട്ടിക 3-ൽ പറയുന്ന നിരക്കുകളിൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.";

(iv) (4)-ാം ഉപചട്ടത്തിനു പകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(4) തൊഴിൽ അവസാനിക്കുമ്പോൾ അറുപത് വയസ്സും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വവും പൂർത്തിയാക്കി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു അഡ്വക്കേറ്റ് ക്ലാർക്ക് മരണപ്പെടുന്ന സാഹചര്യത്തിൽ, ഭാര്യയ്ക്കോ ഭർത്താവിനോ പ്രായപൂർത്തിയായിട്ടില്ലാത്തതും സ്ഥിരവരുമാനമില്ലാത്തതുമായ മക്കൾക്കോ പുനർവിവാഹിതരല്ലാത്തതും ഉപജീവനത്തിന് സ്ഥിരവരുമാനമില്ലാത്തവരുമായ വിധവകളായ പെൺമക്കൾക്കോ അംഗവൈകല്യമുള്ള മക്കൾക്കോ അംഗത്തെ ആശ്രയിച്ച് കഴിയുന്ന അമ്മ അല്ലെങ്കിൽ അച്ഛൻ എന്നിവർക്കോ മുൻഗണനാക്രമത്തിൽ ബന്ധപ്പെട്ട അംഗത്തിന്റെ സേവന കാലത്തിനർഹമായ പെൻഷൻ തുകയുടെ 50% കുടുംബ പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്."

(6) ഫാറം നമ്പർ 1-ൽ, ക്രമനമ്പർ 1-ന് നേരെയുള്ള ഉൾകുറിപ്പിൽ, "മേൽവിലാസവും" എന്ന വാക്കിന് ശേഷം "വയസ്സും ജനന തീയതിയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(7) ഫാറം നമ്പർ V-ൽ, ക്രമനമ്പർ (എ)-ക്ക് നേരെയുള്ള ഉൾകുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾകുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(എ) ഞാൻ ....., വയസ്സ് ....., പിതാവിന്റെ/ മാതാവിന്റെ പേര് ....., മേൽവിലാസം ....., ... വർഷം മുതൽ ..... സ്ഥലത്ത് ജോലി ചെയ്യുന്ന ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആണ് എന്നും;".

(8) നിലവിലുള്ള പട്ടികയ്ക്ക് പകരം താഴെപ്പറയുന്ന പട്ടികകൾ ചേർക്കേണ്ടതാണ്, അതായത്:—

പട്ടിക 1

[*ചട്ടം 11 (1), (2) കാണുക*]

ക്രമ നമ്പർ	*സേവന കാലാവധി*	*തുക (രൂപ)*
(1)	(2)	(3)
1	30	5,00,000
2	29	4,83,334

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
3	28	4,66,666
4	27	4,50,000
5	26	4,33,334
6	25	4,16,666
7	24	4,00,000
8	23	3,83,334
9	22	3,66,666
10	21	3,50,000
11	20	3,33,334
12	19	3,16,666
13	18	3,00,000
14	17	2,83,334
15	16	2,66,666
16	15	2,50,000
17	14	2,33,334
18	13	2,16,666
19	12	2,00,000
20	11	1,83,334
21	10	1,66,666
22	9	1,50,000
23	8	1,33,334
24	7	1,16,666
25	6	1,00,000
26	5	83,334

പട്ടിക 2

[*ചട്ടം 11ഏ(2) കാണുക*]

ക്രമ നമ്പർ	*ക്ഷേമനിധി അംഗത്വ കാലയളവ്*	*തുക (രൂപ)*
(1)	(2)	(3)
1	3 വർഷത്തിൽ കുറവാണെങ്കിൽ	625

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
2	3 വർഷവും അതിലധികവും എന്നാൽ 6 വർഷത്തിൽ കുറവും ആണെങ്കിൽ	938
3	6 വർഷവും അതിലധികവും എന്നാൽ 8 വർഷത്തിൽ കുറവും ആണെങ്കിൽ	1250
4	8 വർഷം പൂർത്തിയായത്	2000
5	9 വർഷം പൂർത്തിയായത്	2060
6	10 വർഷം പൂർത്തിയായത്	2120
7	11 വർഷം പൂർത്തിയായത്	2180
8	12വർഷം പൂർത്തിയായത്	2240
9	13 വർഷം പൂർത്തിയായത്	2305
10	14 വർഷം പൂർത്തിയായത്	2370
11	15 വർഷം പൂർത്തിയായത്	2435
12	16 വർഷം പൂർത്തിയായത്	2500

പട്ടിക 3

[*ചട്ടം 11ഏ (2ഏ) കാണുക*]

ക്രമ നമ്പർ	*ക്ഷേമനിധി അംഗത്വ കാലയളവ്*	*തുക (രൂപ)*
1	8 വർഷം പൂർത്തിയായത്	2000
2	9 വർഷം പൂർത്തിയായത്	2060
3	10 വർഷം പൂർത്തിയായത്	2120
4	11 വർഷം പൂർത്തിയായത്	2180
5	12 വർഷം പൂർത്തിയായത്	2240
6	13 വർഷം പൂർത്തിയായത്	2305
7	14 വർഷം പൂർത്തിയായത്	2370
8	15 വർഷം പൂർത്തിയായത്	2435
9	16 വർഷം പൂർത്തിയായത്	2500

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽകുമാർ,
നിയമ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിന് 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റിലൂടെ കൊണ്ടുവന്ന ഭേദഗതിക്കനുസൃതമായി പെൻഷനും കുടുംബ പെൻഷനുമുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതിനും കൂടാതെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിലെ ഒരംഗത്തിന് ലഭിക്കാവുന്ന പരമാവധി ക്ഷേമനിധി തുക നാല് ലക്ഷം രൂപയിൽ നിന്നും അഞ്ച് ലക്ഷം രൂപയായി വർധിപ്പിക്കുന്നതിനും ക്ഷേമനിധിയിൽ നിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് പരമാവധി പെൻഷൻ തുക 2000/- രൂപയിൽ നിന്ന് 2500/- രൂപയായി വർധിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചു. ആയതിലേക്ക് 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.15 10:50:32 +05:30